(ഡി) ബാധകമല്ല.

175 (1397) രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ സഹായങ്ങൾ

<u>ശ്രീ. വി.ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലകൾക്ക് രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ പുസ്തകങ്ങളും മറ്റ് ഉപകരണങ്ങളും നൽകുന്നതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 1996 മുതൽ രാജാറാം മോഹൻറായ് ഫൗണ്ടേഷന്റെ എത്ര രൂപയുടെ സഹായമാണ് കേരളത്തിലെ ഗ്രന്ഥശാലകൾക്ക് നൽകിയിട്ടുള്ളത്; ഈ സഹായം ലഭിച്ചിട്ടുള്ള വായനശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഫൗണ്ടേഷന്റെ ധനസഹായം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഡി) രാജാറാം മോഹൻറായ് ഫൗണ്ടേഷൻ നൽകുന്ന പുസ്തകങ്ങൾ ആരാണ് വാങ്ങുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ലൈബ്രറികൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള ലൈബ്രറികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ലൈബ്രറികൾക്കും, ഫൗണ്ടേഷന്റെ വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷിക്കാം. അനുയോജ്യമായ ലൈബ്രറികളെ തെരഞ്ഞെടുപ്പിക്കേണ്ട ചുമതല ഫൗണ്ടേഷന്റെ സ്റ്റേറ്റ് ലൈബ്രറി കമ്മിറ്റിക്കാണ്. നന്നായി പ്രവർത്തിക്കുന്നതും പുസ്തകങ്ങളുടെയും മറ്റുപകരണങ്ങളുടേയും കുറവുള്ളതുമായ ഗ്രന്ഥശാലകളെയാണ് തെരഞ്ഞെടുക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് ഗ്രന്ഥശാലകളുടെ എണ്ണം നിജപ്പെടുത്തുന്നത്.

(ബി) 1996-97, 97-98 വർഷങ്ങളിൽ 71,86,480 രൂപയുടെ സഹായം രാജാറാം മോഹൻറായി ഫൗണ്ടേഷൻ കേരളത്തിലെ ഗ്രന്ഥശാലകൾക്ക് നൽകിയിട്ടുണ്ട്. സഹായം ലഭിച്ച വായനശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	8
കൊല്ലം	-	9
പത്തനംതിട്ട	-	4
കോട്ടയം	-	11
ഇടുക്കി	-	1
ആലപ്പുഴ	-	4
എറണാകുളം	-	5
തൃശൂർ	-	1
പാലക്കാട്	-	1

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	-	1
കണ്ണൂർ	-	13
കോഴിക്കോട്	-	5

1998-99 വർഷത്തെ സഹായം നൽകികൊണ്ടിരിക്കുകയാണ്.

(സി) 98-99 വർഷത്തെ സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. ഫൗണ്ടേഷന്റെ ധനസഹായം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

1. സർക്കാർ ഉടമസ്ഥതയിലുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നതുമായ ലൈബ്രറികൾക്ക് വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷിക്കാം.

2. സർക്കാരിതര ഏജൻസികളെ സംബന്ധിച്ചിടത്തോളം സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കണം.

3. ഏതെങ്കിലും ഒരു വ്യക്തിക്കോ ഒരു കൂട്ടം വ്യക്തികൾക്കോ സാമ്പത്തിക ലാഭത്തിനായി നടത്തുന്ന ലൈബ്രറി ആയിരിക്കരുത്.

4. ജാതി-മത ഭേദമന്യേ എല്ലാവർക്കും പ്രവേശനവും അംഗത്വവും നൽകുന്നവ ആയിരിക്കണം.

5. തൃപ്തികരമായി പ്രവർത്തിക്കുന്നവ ആയിരിക്കണം.

6. ഫൗണ്ടേഷൻ നിശ്ചയിച്ചിട്ടുള്ള മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ വേണം അപേക്ഷിക്കാൻ.

(ഡി) ഫൗണ്ടേഷന്റെ സ്റ്റേറ്റ് കമ്മിറ്റി നിയോഗിക്കുന്ന ബുക്ക് സെലക്ഷൻ കമ്മിറ്റിയാണ് ഗ്രന്ഥശാലകൾക്ക് നൽകേണ്ടുന്ന പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിനായി പ്രസാധകരിൽനിന്നും പുസ്തകങ്ങൾ വരുത്തി പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി ഫൗണ്ടേഷന്റെ കൽക്കട്ടയിലുള്ള ആസ്ഥാന ഓഫീസിലേക്ക് അയയ്ക്കുന്നു. പുസ്തകങ്ങൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിൽ ശേഖരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറികൾക്ക് അയച്ചു കൊടുക്കുന്നു. ഫൗണ്ടേഷന്റെ കൽക്കട്ട ഓഫീസ് വഴിയാണ് പേമെന്റ് നടത്തുന്നത്.

176 (1398) മൂന്നാട് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി

<u>ശ്രീ. പി. രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂന്നാട് ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ഇതു സംബന്ധിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly